പത്രക്കുറിപ്പ്
08.09.2016

സരസ് ഉൽപന്ന പ്രദർശന വിപണന മേള:

# കുടുംബശ്രീക്ക് 6.54 കോടി രൂപയുടെ റെക്കോർഡ് വിറ്റുവരവ്

തിരുവനന്തപുരം: കുടുംബശ്രീയും കേന്ദ്ര ഗ്രാമവികസന മന്ത്രാലയവും സംയുക്തമായി മലപ്പുറം എടപ്പാൾ സഫാരി മൈതാനത്ത് സംഘടിപ്പിച്ച സരസ് മേളയിൽ കുടുംബശ്രീക്ക് 6.54 കോടി രൂപയുടെ റെക്കോർഡ് വിറ്റുവരവ്. ആഗസ്റ്റ് 25 മുതൽ സെപ്റ്റംബർ മൂന്നു വരെ നടത്തിയ ഉൽപന്ന പ്രദർശന വിപണന മേളയിൽ പങ്കെടുത്ത ലഘുസംരംഭകർക്കാണ് ഈ നേട്ടം.

പത്തു ദിവസം നീണ്ട സരസ്മേളയിൽ നിന്നും 1.4 കോടി രൂപ നേടി കേരളം ഒന്നാമതായി. 55 ലക്ഷം രൂപ നേടി ഉത്തർപ്രദേശ് രണ്ടാമതെത്തി. 49 ലക്ഷം രൂപയുടെ വിറ്റുവരവ് നേടി ബീഹാറാണ് മൂന്നാം സ്ഥാനത്ത്. ഉൽപന്ന പ്രദർശന വിപണന വിഭാഗത്തിൽ ഏറ്റവും മികച്ച സ്റ്റാളിനുള്ള സമ്മാനം ഹിമാചൽ പ്രദേശ് കരസ്ഥമാക്കി.

സരസ് മേളയുടെ ഭാഗമായി കേരളത്തിലെയും ഇതര സംസ്ഥാനങ്ങളിലെയും രുചി വൈവിധ്യങ്ങൾ ഒരുക്കി പതിനാറ് സ്റ്റാളുകൾ അണിനിരന്ന ഇന്ത്യൻ ഫുഡ് കോർട്ടിനും മികച്ച വരവേൽപ്പാണ് ലഭിച്ചത്. കേരളം കൂടാതെ ത്രിപുര ജാർഖണ്ഡ് മഹാരാഷ്ട്ര കർണാടക ലക്ഷദ്വീപ് രാജസ്ഥാൻ ഛത്തീസ്ഘട്ട് ബീഹാർ എന്നിവയാണ് ഇന്ത്യൻ ഫുഡ്കോർട്ടിൽ പങ്കെടുത്ത മറ്റു സംസ്ഥാനങ്ങൾ. ഇവിടെ നിന്നു മാത്രം കുടുംബശ്രീ നേടിയത് 35 ലക്ഷം രൂപയാണ്. ഇന്ത്യൻ ഫുഡ് കോർട്ടിൽ വ്യത്യസ്തമായ രുചികൾ പരിചയപ്പെടുത്തിയ ത്രിപുര ഒന്നാം സ്ഥാനം നേടി.

കുടുംബശ്രീയുടെ നേതൃത്വത്തിൽ സരസ്മേള ഏറ്റെടുത്തു സംഘടിപ്പിക്കുന്നത് ഇതു രണ്ടാം തവണയാണ്. കഴിഞ്ഞ വർഷം കൊല്ലം ആശ്രാമം മൈതാനത്തു സംഘടിപ്പിച്ച സരസ്മേളയിൽ കേരളം ഉൾപ്പെടെ 19 സംസ്ഥാനങ്ങളാണ് പങ്കെടുത്തത്. 4.6 കോടിയായിരുന്നു അതിലെ വിറ്റുവരവ്. ഇന്ത്യയിലെ ഗ്രാമീണ വനിതകളുടെ സംരംഭങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനും പരമ്പരാഗത ഗ്രാമീണ ഉൽപന്നങ്ങൾക്ക് കൂടുതൽ വിപണി കണ്ടെത്തുന്നതിന്റെയും ഭാഗമായാണ് സരസ് മേള സംഘടിപ്പിക്കുന്നത്.

മുൻവർഷങ്ങളിലെ അപേക്ഷിച്ച് ഇതരസംസ്ഥാനങ്ങളുടെയും സംരംഭകരുടെയും എണ്ണത്തിലും പങ്കാളിത്തത്തിലും ഉൽപന്നങ്ങളുടെ വൈവിധ്യത്തിലും റെക്കോർഡ് സൃഷ്ടിച്ച മേളയായിരുന്നു കുടുംബശ്രീയുടെ നേതൃത്വത്തിൽ എടപ്പാളിൽ സംഘടിപ്പിച്ചത്. കേരളം ഉൾപ്പെടെ 25 സംസ്ഥാനങ്ങളെയും അതുവഴി നാനൂറോളം സംരംഭകരെയും പങ്കെടുപ്പിക്കാൻ കുടുംബശ്രീ നേതൃത്വത്തിനു കഴിഞ്ഞു. 250 ഉൽപന്ന പ്രദർശന വിപണന സ്റ്റാളുകളും വിവിധ സർക്കാർ വകുപ്പുകളുടേതായി പത്തോളം പ്രദർശന സ്റ്റാളുകളുകളെയും പങ്കെടുപ്പിക്കാനായതും നേട്ടമായി.

പൗരാണിക ശിൽപചാരുതയുള്ള ഫർണിച്ചറുകൾ ഗൃഹോപകരണങ്ങൾ കരകൗശല വസ്തുക്കൾ ആഭരണങ്ങൾ വസ്ത്രങ്ങൾ വനവിഭവങ്ങൾ അച്ചാറുകൾ ഭക്ഷ്യ ഉൽപന്നങ്ങൾ തുകൽ ഉൽപന്നങ്ങൾ ചക്കയിൽ നിന്നും തയ്യാറാക്കിയ മൂല്യവർദ്ധിത ഉൽപന്നങ്ങൾ അലങ്കാര വസ്തുക്കൾ

ഇതരസംസ്ഥാനങ്ങളിലെ പരമ്പരാഗത ഗ്രാമീണ ഉൽപന്നങ്ങൾ തുടങ്ങി വൈവിദ്ധ്യമാർന്ന ഉൽപന്നങ്ങൾ കൊണ്ടു സമ്പന്നമായിരുന്ന മേള കുറ്റമറ്റ സംഘാടനത്തിലും ഏറെ മികവു കാട്ടി.

ഓണാഘോഷത്തിനു മുന്നോടിയായി എത്തിയ മേള സന്ദർശിച്ചത് അഞ്ചുലക്ഷത്തിലേറെ ആളുകളാണ്. ഇതുവഴി സരസ്മേള ജനകീയമാക്കുന്നതിലും കുടുംബശ്രീ വിജയിച്ചു. മേളയോടനുബന്ധിച്ച് ദിവസവും വിവിധ കലാപരിപാടികളും സംഘടിപ്പിച്ചിരുന്നു. മന്ത്രിമാർ എം.പിമാർ, എം.എൽ.എമാർ തുടങ്ങി രാഷ്ട്രീയ-സാമൂഹ്യ-സാസ്കാരികരംഗത്തെ നിരവധി പ്രമുഖരും മേളയിൽ പങ്കെടുത്തിരുന്നു.

എക്സിക്യൂട്ടീവ് ഡയറക്ടർ
കുടുംബശ്രീ